# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7062 11.07.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി പ്രവേശനത്തിനായി കായിക താരങ്ങൾക്കുള്ള സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | 2013-14 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിനായി കായികതാരങ്ങൾക്കായി ഓരോ ജില്ലയിലും എത്ര സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സീറ്റുകളിലേക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഹയർ സെക്കന്ററി സ്പോർട്ട്സ് ക്വാട്ട പ്രവേശനം ഓൺ ലൈൻ മുഖാന്തിരമാണ് സംഘടിപ്പിച്ചിരിയ്ക്കുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 22/03/2013-ലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള പ്രത്യേക സ്പോർട്സ് മാനദണ്ഡമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി ഉപയോഗിക്കുന്നത്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.<br>കൂടാതെ ഏതു വർഷത്തേക്കാണോ അപേക്ഷ ക്ഷണിക്കുന്നത് ആ വർഷത്തിന് തൊട്ടു മുൻപുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിലെ സ്പോർട്സ് സർട്ടിഫിക്കറ്റുകളാണ് അഡ്മിഷനു വേണ്ടി പരിഗണിക്കുന്നത്. |
| (സി) | കായിക താരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | കായികതാരങ്ങൾക്ക് സംവരണം ചെയ്ത സീറ്റിൽ കായികതാരങ്ങളല്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; | (ഇ) & (എഫ്) | ഉണ്ട്. കായികതാരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ അവ ഏകജാലക സംവിധാനം വഴി നികത്തുന്നുണ്ട്. |
| (എഫ്) | എങ്കിൽ കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്